ഓം നമോ ഭഗവതേ മുഖ്യതമായ നമ: സത്വായ
പ്രാണായൌജസെ സഹസേ ബലായ മഹാമത്സ്യായ നമ ഇതി (5–18–25)
ഓംനമോ ഭഗവതേ അകൂപാരായ സർവ്വസത്വഗുണവിശേഷണായാനുപലക്ഷിതസ്ഥാനായ
നമോ വർഷ്മണേ നമോ ഭൂമ്നേ നമോ നമോ$f$വസ്ഥാനായ നമസ്തേ (5–18–8)
ഓം നമോ ഭഗവതേ മന്ത്രതത്ത്വലിംഗായ യജ്ഞക്രതവേ
മഹാധ്വരാവയവായ മഹാപുരുഷായ നമ: കർമ്മശുക്ലായ ത്രിയുഗായ നമസ്തേ (5–18–8)
ഓം നമോ ഭഗവതേ ഉത്തമശ്ലോകായ നമ: ആര്യലക്ഷണശീലവ്രതായ നമ ഉപശിക്ഷിതാത്മന
ഉപാസിത ലോകായ നമ: സാധുവാദനികഷണായ നമോ
ബ്രഹ്മണ്യദേവായ മഹാപുരുഷായ മഹാരാജായ നമ ഇതി (5–19–3)
ഓം നമോ ഭഗവതേ ഉപശമശീലായോപരതാനാത്മ്യായ നമോ$f$കിഞ്ചനവിത്തായ
ഋഷിഋഷഭായ നരനാരായണായ പരമഹംസപരമഗുരവേ
ആത്മാരാമാധിപതയേ നമോ നമ ഇതി (5–19–11)

ശുകമുനി തുടർന്നു: രമണ്യകവർഷത്തിൽ സത്യവ്രതൻ മത്സ്യാവതാരരൂപത്തിൽ ഭഗവാനെ സ്തുതിക്കുന്നു. ‘പരമവും നിർമ്മലവുമായ സാത്വികതയുടെ പരംപൊരുളും, ജീവശക്തിയും ഓജസ്സും, ശരീരമനോബുദ്ധികളുടെ ഊർജ്ജസ്രോതസ്സുമായ അങ്ങേക്കു നമസ്കാരം.’ ഹിരൺമയവർഷത്തിൽ ആര്യമൻ, കൂർമ്മാവതാര രൂപത്തിൽ ഭഗവാനെ വാഴ്ത്തുന്നു. ‘കൂർമ്മരൂപത്തിലുള്ള അവിടുന്ന് സംശുദ്ധമായ സാത്വികത തന്നെയാണ്. എല്ലാത്തിനും അടിസ്ഥാനമായി വിളങ്ങി, വിശ്വസത്വമായി പുരാതനവും അജ്ഞാതവുമായി വിരാജിക്കുന്ന അവിടേക്ക് നമസ്കാരം.’ വടക്കേ കുരുദേശത്ത് ഭൂമി ഭഗവാനെ വരാഹാവതാരരൂപത്തിൽ സ്തുതിക്കുന്നു. ‘മന്ത്രസിദ്ധിയാൽ അറിയാൻ കഴിയുന്ന ആ ഭഗവാനു നമസ്കാരം. യാഗവും, പരമപുരുഷനുമായ അവിടുത്തെ കർമ്മങ്ങൾ സംശുദ്ധമത്രേ. അവിടുന്ന് ത്രിയുഗനായും അറിയപ്പെടുന്നു.’ കിംപുരുഭൂഖണ്ഡത്തിൽ ഭക്തോത്തമനായ ഹനുമാൻ ശ്രീരാമനെ ആരാധിക്കുന്നു. ആകാശദേവതകൾ പാടുന്ന ശ്രീരാമസ്തുതിയും രാമകഥയും കേട്ട് ഹനുമാനും മന്ത്രം ജപിക്കുന്നു. ‘സുശിക്ഷതനും, ഉത്തമഗുണങ്ങളുമുള്ള ഭഗവാനു നമോവാകം. പ്രജാക്ഷേമതൽപ്പരനും ഭക്തപ്രിയനും, നന്മയുടെ പ്രതീകവും ഉത്തമനായ മഹാരാജാവും ആയ അവിടുന്ന് ദിവ്യപുരുഷന്മാരേയും മഹാത്മാക്കളേയും ദൈവതുല്യരായി കണക്കാക്കുന്നു.’ ഹനുമാൻ വീണ്ടും ഭഗവാനെ ഇങ്ങിനെ സ്തുതിച്ചു വാഴ്ത്തുന്നു. ‘ഭഗവാൻെറ ഭൂലോകവാസം രാക്ഷസനിഗ്രഹത്തിന് മാത്രമായിരുന്നില്ല, മറിച്ച് മനുഷ്യർക്ക് ഒരു പാഠമായിരിക്കാൻ കൂടിയാണ്. സീതാദേവിയോടുള്ള സ്നേഹത്താൽ അദ്ദേഹം ഒരുത്തമഭർത്താവായി ജീവിച്ചു. അദ്ദേഹത്തിൻെറ ഓരോ പ്രവൃത്തിയും രാജകീയവൃത്തികളും ഒരുത്തമപുരുഷൻേറതുമായിരുന്നു. തന്നിൽ ഭക്തരായ മൃഗങ്ങളോടുപോലും സ്നേഹവാത്സല്യം പ്രകടിപ്പിച്ച് ഭക്തിമാത്രമാണ് തന്നിലേക്കുള്ള വഴിയെന്ന് അദ്ദേഹം പഠിപ്പിച്ചു.’

ഭാരതവർഷത്തിൽ ഭഗവാൻ നരനാരായണനായി നിതാന്തമായ തപശ്ചര്യകളിലേർപ്പെട്ട് ആളുകളെ അനുഗ്രഹിച്ചും ധാർമ്മികജീവിതത്തിനുദാഹരണമായി ജീവിച്ചും വിളങ്ങുന്നു. അവിടുന്ന് മനുഷ്യർക്കു ബോധമുണ്ടാക്കിക്കൊടുത്ത്, ദൈവീകത, ആത്മനിയന്ത്രണം, നിസ്വാർത്ഥത, നിഷ്പക്ഷത എന്നീ പെരുമാറ്റച്ചട്ടങ്ങളിലൂടെ നിർവ്വാണപദം പ്രാപിക്കുന്നതിനെപ്പറ്റിയുള്ള അറിവുണ്ടാക്കുന്നു. നാരദമുനിയും മറ്റുള്ളവരും ഭഗവാനെ ഇങ്ങിനെ വാഴ്ത്തി സ്തുതിക്കുന്നു. ‘ആത്മനിയന്ത്രണാധിഷ്ഠിതനും, ശരീരമാണ് ആത്മാവ് എന്ന തെറ്റിദ്ധാരണയില്ലാത്തവനും, പാവങ്ങളുടെ ഏകാശ്രയവും, മാമുനിമാരിലഗ്രഗണ്യനും, പരമഹംസനും, എല്ലാവർക്കും ഗുരുവുമായ അവിടേക്കു നമസ്ക്കാരം.’ ഭഗവൻ, യോഗമാർഗ്ഗത്തിൻെറ മഹിമ, ശരീരബുദ്ധിയിൽനിന്നു മോചനം കിട്ടുന്നതിലൂടെയാണ് വെളിപ്പെടുന്നത്. അതുകൊണ്ട് ഈ ശരീരാസക്തിയെ ഉപേക്ഷിക്കാതെ എന്തെല്ലാം ആത്മീയകാര്യങ്ങളിലേർപ്പെട്ടാലും പ്രയോജനമില്ലതന്നെ. ആ ഭയത്തിൽനിന്നുള്ള ഏക മോചനമാർഗ്ഗം അവിടുത്തെ പാദാരവിന്ദങ്ങളെ പ്രാപിക്കുക മാത്രമാണ്.